**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4505** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ഗ്രാസ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും ഭക്ഷിച്ച് വന്യമൃഗങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | മാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും ഭക്ഷിച്ച് വന്യമൃഗങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി വനമേഖലകളിൽ മാലിന്യ നിക്ഷേപം ഉണ്ടാകാതിരിക്കുന്നതിന് വനം വകുപ്പ് ജാഗ്രത പുലർത്തി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ വനമേഖലകളിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 24.12.2019 ലെ ജി.ഒ (ആർ.റ്റി) 506/2019/വനം നമ്പർ ഉത്തരവ് പ്രകാരം 871.50 ലക്ഷം രൂപയുടെ പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2019-20 തുടങ്ങി മൂന്ന് വർഷമാണ് പദ്ധതിയുടെ കാലാവധി. ടി പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് ജീവനക്കാർ, വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്മെൻറ് കമ്മറ്റി അംഗങ്ങൾ, വിവിധ എൻ.ജി.ഒ-കൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, വിവിധ ഏജൻസികൾ, മറ്റു സർക്കാർ വകുപ്പുകൾ, ശുചിത്വമിഷൻ എന്നിവരുടെ പങ്കാളിത്തത്തോടെ മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വനമേഖല മാലിന്യ മുക്തമാക്കുന്നതിന് വേണ്ടി ഗ്രീൻ ഗ്രാസ് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | മാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും ഭക്ഷിച്ച് വന്യമൃഗങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി വനമേഖലകളിൽ മാലിന്യ നിക്ഷേപം ഉണ്ടാകാതിരിക്കുന്നതിന് വനം വകുപ്പ് ജാഗ്രത പുലർത്തി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ വനമേഖലകളിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 24.12.2019 |

| | | | |
|---|---|---|---|
| | | | ലെ ജി.ഒ (ആർ.റ്റി) 506/2019/വനം നമ്പർ ഉത്തരവ് പ്രകാരം 871.50 ലക്ഷം രൂപയുടെ പ്രോജക്റ്റ് ഗ്രീൻ ഗ്രാസ്സ് എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2019-20 തുടങ്ങി മൂന്ന് വർഷമാണ് പദ്ധതിയുടെ കാലാവധി. ടി പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് ജീവനക്കാർ, വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്മെൻറ് കമ്മറ്റി അംഗങ്ങൾ, വിവിധ എൻ.ജി.ഒ-കൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, വിവിധ ഏജൻസികൾ, മറ്റു സർക്കാർ വകുപ്പുകൾ, ശുചിത്വമിഷൻ എന്നിവരുടെ പങ്കാളിത്തത്തോടെ മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രദേശങ്ങൾ സംബന്ധിച്ച് മാപ്പിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏറ്റവുമധികം മാലിന്യം നിക്ഷേപിക്കുന്ന പ്രദേശങ്ങളിൽ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കേരളത്തിലെ വനമേഖലകളിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 13.09.2018 ലെ ജി.ഒ (ആർ.റ്റി) നമ്പർ 406/2018/വനം നമ്പർ ഉത്തരവ് പ്രകാരം വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു ടാസ്ക് ഫോഴ്സും രൂപീകരിക്കുകയുണ്ടായി. ടി സർക്കാർ ഉത്തരവ് അനുസരിച്ച്, ഫീൽഡ് ഓഫീസർമാർ വനത്തിലൂടെ കടന്നു പോകുന്ന റോഡുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന വനമേഖലകളെ തിരിച്ചറിയുകയും അവ മാപ്പ് ചെയ്യുകയും, അതനുസരിച്ച് 125 പ്രധാന മാലിന്യ നിക്ഷേപ സ്ഥലങ്ങൾ തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ആവശ്യമായ ഇടങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ, ക്യാമറകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ രാത്രികാല പട്രോളിംഗും നടത്തി വരുന്നുണ്ട്. |
| (ഡി) | പരിസ്ഥിതിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന തരത്തിൽ വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്ന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ; വിശദമാക്കുമോ? | (ഡി) | പരിസ്ഥിതിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന തരത്തിൽ വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്നത് സംബന്ധിച്ച് 1961-ലെ കേരള ഫോറസ്റ്റ് ആക്ടിൽ വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടില്ലെങ്കിലും ആക്ടിലെ സെക്ഷൻ 27 (1) (ഇ) iv പ്രകാരവും 1972-ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് പ്രകാരവുമാണ് നിലവിൽ നടപടി സ്വീകരിക്കുന്നത്. വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കൂടുതൽ ഫലപ്രദമായ നടപടി കൈക്കൊള്ളുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ള കേരള ഫോറസ്റ്റ് ആക്ടിന്റെ ഭേദഗതിയുടെ കരട് നിയമവ്യവസ്ഥകൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ